**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

09.02.2016 - ൽ മറുപടിക്ക്.

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 588**

## നിർമ്മാണ വ്യവസായ മേഖല

ചോദ്യം
ശ്രീ. എളമരം കരീം.

മറുപടി
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പു മന്ത്രി)**

| | | |
|---|---|---|
| (എ) | നിർമ്മാണ വ്യവസായ മേഖല പ്രതിസന്ധി നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) : ഉണ്ട്. |
| (ബി) | നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ മണൽ, കരിങ്കല്ല് ചല്ലി എന്നിവയുടെ ക്ഷാമം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ? | (ബി) : മണലിന്റെയും നിർമ്മാണ സാമഗ്രികളുടെയും അമിത വിലയാണ് നിർമ്മാണ മേഖലയെയും ഹോളോബ്രിക്സ് ഉൾപ്പെടെയുള്ള ചെറുകിട വ്യവസായങ്ങളെയും പ്രതികൂലമായി ബാധിക്കുന്നത്. ധാതു ഖനനത്തിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കി ബഹു. സുപ്രീം കോടതിയും ഹൈക്കോടതിയും ഉത്തരവായിരുന്നു. തത്ഫലമായി എൻവിയോൺമെന്റൽ ക്ലിയറൻസ് ഇല്ലാതെ ഖനനാനുമതി നൽകാൻ കഴിയാതെ വന്നത് ഈ മേഖലയിൽ പ്രതിസന്ധിയുണ്ടാക്കിയിരുന്നു. അനുമതികൾ ദ്രുതഗതിയിൽ നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 07/12/2015-ൽ വന്ന സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരിങ്കല്ല് ക്വാറികൾക്ക് ഒരു വർഷ കാലാവധിയിൽ ക്വാറിയിങ് പെർമിറ്റുകൾ നൽകി വരുന്നു.<br><br>അതാത് ജില്ലകളിലെ വിവിധ ഡാമുകളിൽനിന്നും സാങ്കേതിക മാനദണ്ഡങ്ങളനുസരിച്ച് നീക്കം ചെയ്യാവുന്ന മണൽ അനുവദനീയമായ രീതിയിൽ സംഭരിക്കുന്നതിന് പ്രായോഗിക പദ്ധതി തയ്യാറാക്കുന്നതിനും അപ്രകാരം സംഭരിക്കുന്ന മണൽ വിതരണം ചെയ്യുന്നതിനുമുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കരിങ്കൽ, ഖനന മേഖലയിലെ പ്രശ്ന പരിഹാരത്തിനായി ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.